ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളിൽ ബലക്ഷയം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പാലങ്ങൾ പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി-ഡി) വകുപ്പുതലത്തിൽ നടത്തിയ പരിശോധനയിൽ ഈ പാലങ്ങൾക്ക് ബലക്ഷയമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടുതൽ പരിശോധനകൾക്കായി എൽ.ബി.എസി-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഇക്കാര്യത്തിൽ കർശനമായ നിയന്ത്രണ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

പുഴകളുടെ സമീപത്തുനിന്നും മണൽവാരുന്നത് തടയാൻ നടപടികൾ

58 (3617) ശ്രീ. തമ്പാനൂർ രവി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
പ്രൊഫ: സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുഴകൾക്കുമീതെയുള്ള പാലങ്ങളുടെ സമീപത്തു നിന്നും മണൽവാരുന്നത് ഹൈക്കോടതി തടഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ ;

(ബി) ഹൈക്കോടതിയുടെ ഈ ഉത്തരവ് നടപ്പാക്കുവാൻ എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചു ;

(സി) പുഴകളുടെ സമീപത്തുനിന്നും മണൽവാരുന്നത് തടയാൻ പ്രസ്തുത നടപടികൾ പര്യാപ്തമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) മണൽവാരൽമൂലം ഏതെല്ലാം പാലങ്ങൾക്ക് ബലക്ഷയമുണ്ടായിട്ടുണ്ട് ;

(ഇ) മുറിഞ്ഞപുഴ പാലത്തിന്റെയും ഇത്തിപ്പുഴ പാലത്തിന്റെയും സുരക്ഷിതത്വം സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥയെന്ത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തടഞ്ഞിട്ടുണ്ട്.

(ബി&സി) വിവരം റവന്യൂ വകുപ്പിൽ നിന്നും ശേഖരിച്ചുവരുന്നു.

(ഡി&ഇ) മണൽവാരൽമൂലം കാലടി ശ്രീ ശങ്കരാ പാലത്തിനും കോട്ടയത്തെ മുറിഞ്ഞപുഴ പാലത്തിനും മൂവാറ്റുപുഴയിലെ കക്കടാശ്ശേരി പാലത്തിനും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇത്തിപ്പുഴ പാലത്തിന് ഇപ്പോൾ ബലക്ഷയം ഒന്നും കാണുന്നില്ല. ശ്രീ ശങ്കരാപാലം കെ.എസ്.ടി.പി. പദ്ധതിയിലും മുറിഞ്ഞപുഴ പാലത്തിന് വിശദമായ ഇൻവെസ്റ്റിഗേഷൻ തയ്യാറാക്കാനും നടപടികൾ എടുത്തിട്ടുണ്ട്. കക്കടാശ്ശേരി പാലം അറ്റകുറ്റപ്പണികൾ നടത്തി ശരിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly